## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

### രാജിവെച്ചിട്ടുള്ള മന്ത്രിമാർ

451 [800] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം 15-8-1985 വരെ ഏതെല്ലാം മന്ത്രിമാർ രാജിവെച്ചിട്ടുണ്ട്;

(ബി) ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ നായരും വൈദ്യുതി മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും രാജിവെക്കാനുണ്ടായ കാരണമെന്താണ്;

(സി) രാജിവെച്ച മന്ത്രിമാർക്ക് പകരം പുതിയ മന്ത്രിമാരെ നിയമിക്കാത്തതിൻെറ കാരണം വിശദമാക്കാമോ;

(ഡി) ശ്രീ. രാമചന്ദ്രൻ നായർക്ക് പകരം ഒരാളെ മന്ത്രിയാക്കണമെന്ന് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ അല്ലെങ്കിൽ എം.എൽ.എ മാരോ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) ഗതാഗതവകുപ്പു മന്ത്രി ശ്രീ. കെ.കെ. ബാലകൃഷ്ണൻ, കൃഷിവകുപ്പു മന്ത്രി ശ്രീ. സിറിയക് ജോൺ, ആരോഗ്യവകുപ്പുമന്ത്രി ശ്രീ. കെ. ജി. ആർ. കർത്താ, സാമൂഹ്യ വികസന വകുപ്പുമന്ത്രി ശ്രീ. സി. വി. പത്മരാജൻ, വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ആരോഗ്യവകുപ്പുമന്ത്രി ശ്രീ. കെ.പി. രാമചന്ദ്രൻ നായർ എന്നിവർ രാജിവെച്ചിട്ടുണ്ട്.

(ബി) ശ്രീ. കെ.പി. രാമചന്ദ്രൻ നായർ തൻെറ രാജിക്കത്തിൽ, രാജിവെക്കുന്നതിനാസ്പദമായ കാരണങ്ങളൊന്നും കാണിച്ചിരുന്നില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള തനിക്കെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട റിട്ടുഹർജിയിൻമേൽ നോട്ടീസ് അയയ്ക്കുന്നതിന് ഹൈക്കോടതി ഉത്തരവിട്ട പശ്ചാത്തലത്തിൽ മന്ത്രിസ്ഥാനത്തുനിന്ന് തൽക്കാലം മാറിനിൽക്കുന്നതാണ് ഉത്തമം എന്ന് കരുതിയാണ് മന്ത്രിസ്ഥാനം രാജിവെച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.

(സി) നിയമിച്ചുകൊള്ളണമെന്ന് പ്രത്യേക വ്യവസ്ഥയില്ലാത്തതുകൊണ്ട്.

(ഡി) ഉണ്ട്.

### മന്ത്രിമാരുടെ സ്വത്തു വിവരങ്ങൾ പ്രഖ്യാപിക്കണമെന്ന നിർദ്ദേശം

452 [801] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധനക്കമ്മീഷൻ ഗവർണർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ മന്ത്രിമാരും പൊതുപ്രവർത്തകരും സ്വത്തു വിവരം പ്രഖ്യാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly